**കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്,**
**38/924എ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ,**
**കടവന്ത്ര, കൊച്ചി–682 020.**

**സാഗരറാണി –1, സാഗരറാണി –2 എന്നീ വിനോദ സഞ്ചാര ബോട്ടുകളിലേക്ക് ടൂറിസ്റ്റുകൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ**

| | |
|---|---|
| ടെണ്ടർ നമ്പർ | സി–575ഇ/2017 തിയ്യതി:30.06.2017 |
| അവസാന തിയ്യതി | 25.07.2017 വൈകിട്ട് 03.00 മണി |
| ടെണ്ടർ തുറക്കുന്ന തിയ്യതി | 25.07.2017 വൈകിട്ട് 03.30 മണി |
| നിരതദ്രവ്യം(EMD) | 10,000 രൂപ (പതിനായിരം രൂപ മാത്രം) കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് |
| ടെണ്ടർ പത്ര വില | 525 രൂപ (അഞ്ഞൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) പണമായോ ഡി.ഡി യായോ |
| ടെണ്ടർ രീതി | സിങ്കിൾ ടെണ്ടർ |



അപേക്ഷകന്റെ ഒപ്പ്

**കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്,**
**38/924എ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ,**
**കടവന്ത്ര, കൊച്ചി–682 020.**

**കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വിനോദ സഞ്ചാര യാനങ്ങളായ സാഗരറാണി–1, സാഗരറാണി–2 എന്നീ ബോട്ടുകളിലേയ്ക്ക് ടൂറിസ്റ്റുകൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ**

ടെണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള ആവശ്യങ്ങൾ അനുസരിച്ച് സാഗരറാണി ക്രൂയിസ് വെസ്സലുകളിൽ ഭക്ഷണം നൽകൽ ഉൾപ്പെടെയുള്ള കാറ്ററിംഗ് സേവനങ്ങൾക്കായി പ്രമുഖ കാറ്ററിംഗ് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

www.ksinc.in എന്ന വെബ്സൈറ്റിലൂടെയോ കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ നിന്നും 525 രൂപ ടെണ്ടർ പത്ര ഫീസായി അടച്ചോ ടെണ്ടർ ഫോറം കൈപ്പറ്റാവുന്നതാണ്. പൂരിപ്പിച്ച ടെണ്ടറുകൾ 25.07.2017ന് വൈകുന്നേരം 3 മണിക്ക് മുൻപായി കെ.എസ്.ഐ.എൻ.സി ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേദിവസം 3.30 മണിക്ക് ടെണ്ടർ തുറക്കുന്നതാണ്.

**ആമുഖം**

ജലവാഹനങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതോടൊപ്പം തന്നെ കൊച്ചി കായലിലൂടെയുള്ള വിനോദസഞ്ചാരവും നടത്തുന്ന ഒരു കേരള സർക്കാർ സ്ഥാപനമാണ് കെ.എസ്.ഐ.എൻ.സി. കോർപ്പറേഷന്റെ ഹെഡ് ഓഫീസ് കൊച്ചിയിലെ ഗാന്ധിനഗർ എന്ന സ്ഥലത്താണ്. കോർപ്പറേഷന് തേവര, തോപ്പുംപടി എന്നീ സ്ഥലങ്ങളിൽ ബോട്ട് ബിൽഡിംഗ് യാർഡുകളും, ഹൈക്കോർട്ടിനടുത്ത് ജെട്ടിയുമുണ്ട്.

കടൽ യാത്ര നടത്തുന്നതിനായി പ്രത്യേകമായി തയ്യാറാക്കിയ രണ്ട് ടൂറിസ്റ്റ് വെസ്സലുകൾ (സാഗരറാണി–1, സാഗരറാണി–2) ഹൈക്കോർട്ട് ജെട്ടിയിൽ നിന്നും കടലിലേയ്ക്ക് വിനോദയാത്ര നടത്തുന്നു. കടലിലേയ്ക്ക് ഏകദേശം 8 കി.മീ. ദൂരം 2 മുതൽ 2.30 മണിക്കൂർ വരെ സമയമെടുത്തുകൊണ്ടാണ് പ്രസ്തുത വിനോദയാത്ര നടത്തപ്പെടുന്നത്. കെ.എസ്.ഐ.എൻ.സിയുടെ വെബ് സൈറ്റിൽനിന്നും സാഗരറാണി ക്രൂയിസ് ട്രിപ്പുകളുടെ വിശദവിവരങ്ങൾ ലഭ്യമാണ്.



അപേക്ഷകന്റെ ഒപ്പ്

**ജോലി വിവരണം**

കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി) യുടെ വിനോദസഞ്ചാരയാനങ്ങളായ സാഗരറാണി-1, സാഗരറാണി-2 എന്നിവയിലേയ്ക്ക് പ്രാതൽ, ഉച്ച, അത്താഴം എന്നീ ഭക്ഷണങ്ങൾ കെ.എസ്.ഐ.എൻ.സി ഫെറി ടെർമിനലിൽ(ഹൈക്കോർട്ട് ജെട്ടി) കൊണ്ടുവന്ന് വെസ്സലുകൾക്ക് അകത്ത് വിതരണം ചെയ്യുക.

കാറ്ററിംഗ് സേവനം പരിഗണിക്കുന്നതിനായി യോഗ്യതയുള്ള, കമ്പനി മാനദണ്ഡങ്ങൾ പാലിക്കുന്ന കാറ്ററിംഗ് സ്ഥാപനങ്ങൾ നിർദ്ദിഷ്ട ഫീസ് അടച്ച് ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകനെ സംബന്ധിച്ച വിശദവിവരങ്ങളും പ്രൈസ് ബിഡ്ഡും (താഴെ കൊടുത്തിരിക്കുന്ന പ്രത്യേക ഫോറങ്ങളിൽ) ടെണ്ടർ പത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഓരോ സമയത്തുമുള്ള ആഹാരത്തിൽ ഉൾപ്പെടുത്താവുന്ന ഐറ്റങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം-1 ൽ കൊടുത്തിട്ടുണ്ട്.

**യോഗ്യതാമാനദണ്ഡങ്ങൾ**

**അത്യന്താപേക്ഷിതം**

1. വൃത്തിയും വെടിപ്പുമുള്ള വെള്ളം, പാചകമുറി, പാത്രങ്ങൾ, മറ്റു സംഭരണികൾ, പരിചയ സമ്പന്നരായ പാചകക്കാർ എന്നിവ ഉണ്ടായിരിക്കണം. (പാചകമുറിയുടെ ഫോട്ടോഗ്രാഫ് കൂടി ഉൾപ്പെടുത്തുക)

2. പരിചയമുള്ളതും ഏല്ലാത്തരം (സസ്യ, സസ്യേതര, ചൈനീസ്, കേരളാ) വിഭവങ്ങളും തയ്യാറാക്കുന്നതിൽ പ്രാവീണ്യം ഉണ്ടായിരിക്കണം.

3. ഏതെങ്കിലും കാരണവശാൽ ഭക്ഷണം കഴിച്ച് ഉണ്ടാകുന്ന എല്ലാ ശാരീരിക അസ്വസ്ഥതകൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും.

4. ഭക്ഷ്യ സുരക്ഷാ അധികാരികൾ നൽകുന്ന സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.



അപേക്ഷകന്റെ ഒപ്പ്

5. ഭക്ഷണം സ്വാദിഷ്ടവും ഗുണനിലവാരമുള്ള ചേരുവകളാൽ തയ്യാർ ചെയ്യപ്പെട്ടതും ആയിരിക്കണം.

6. കരാറുകാരൻ ഹൈക്കോർട്ട് ജെട്ടിയുടെ 10 കി.മീ ചുറ്റളവിൽ ഉള്ളവരാകണം.

7. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് ഭക്ഷണം നൽകി പരിചയമുള്ളവരാകണം.

<u>നിബന്ധനകൾ/വ്യവസ്ഥകൾ</u>

1. ടെണ്ടറിൽ പങ്കെടുക്കുന്നതിലേയ്ക്കായി 10000 രൂപ (പതിനായിരം രൂപ മാത്രം) രൂപയുടെ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്. കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പേരിൽ എറണാകുളത്ത് മാറ്റാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. നിരതദ്രവ്യത്തിന് പലിശ നൽകുന്നതല്ല.

2. കരാർ കാലാവധി 01.10.2017 മുതൽ 30.09.2018 വരെയായിരിക്കും. കരാർ കാലയളവിൽ നിരക്കുകളിൽ യാതൊരുവിധ മാറ്റവും അനുവദിക്കുന്നതല്ല. യോഗ്യമെന്നു തോന്നിയാൽ കരാർ ദീർഘിപ്പിക്കുന്നതാണ്.

3. അധികാരികൾക്കും ടൂറിസ്റ്റുകൾക്കും തൃപ്തികരമായ രീതിയിൽ കരാറുകാരൻ സേവനം നൽകേണ്ടതാണ്.

4 ഭക്ഷണങ്ങൾ അടച്ച പാത്രത്തിൽ കൊണ്ടുവരേണ്ടതും അവ വിളമ്പുന്നതുവരെ സമ്പൂർണ്ണ ശുചിത്വം പാലിക്കേണ്ടതുമാണ്. ഭക്ഷണം വിതരണം ചെയ്യുന്ന വേളകളിൽ കരാറുകാരൻ പരമാവധി അച്ചടക്കം പാലിക്കേണ്ടതാണ്. എല്ലാ ടൂറിസ്റ്റുകൾക്കും ഭക്ഷണം ലഭിച്ചിട്ടുണ്ടോ എന്ന് നിരീക്ഷിക്കുകയും വേണം.

5. പ്രൈസ് ബിഡ്ഡ് സമർപ്പിക്കുന്നതിനു മുൻപായി കരാറിൽ ഉൾപ്പെട്ട ജോലികളുടെ വ്യാപ്തി മനസ്സിലാക്കുവാൻ കരാറുകാരൻ ശ്രമിക്കേണ്ടതാണ്. ഓരോ യാത്രയിലും പരമാവധി 100 യാത്രികാരുണ്ടാവുക.



അപേക്ഷകന്റെ ഒപ്പ്

6. ഭക്ഷണ വിതരണത്തിനുശേഷം ഉടൻതന്നെ പാത്രങ്ങളും, ഇരിപ്പിടങ്ങളും വൃത്തിയാക്കേണ്ട ചുമതല കരാറുകാരനാണ്.

7. ക്രൂയിസ് മാനേജരുടെ നിർദ്ദേശം അനുസരിച്ച് വിവിധ ക്രൂയിസുകൾക്ക് ((ട്രിപ്പുകൾക്ക്) ഹൈക്കോർട്ട് ജംഗ്ഷനിലുള്ള കെ.എസ്.ഐ.എൻ.സി ബോട്ട് ജെട്ടിയിൽ ഭക്ഷണം എത്തിച്ച് വിതരണം ചെയ്യേണ്ടതാണ്.

8. അടിയന്തിര സാഹചര്യങ്ങളിൽ നിർദ്ദേശാനുസരണം ഭക്ഷണം എത്തിക്കേണ്ടതാണ്.

9. അതിഥികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കരാറുകാരന്റെ പ്രതിനിധികൾ മുഴുവൻ സമയം വെസലിൽ ഉ ായിരിക്കേണ്ടതാണ്. യാതൊരുവിധ പരാതികൾക്കും ഇടനൽകരുത്.

10. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചകൾക്ക് കരാറുകാരനിൽ നിന്നും പണം ഈടാക്കുന്നതായിരിക്കും.

11. ഈ കരാറിൽ കെ.എസ്.ഐ.എൻ.സിയുടെ തീരുമാനം അന്തിമമായിരിക്കും.

12. ഏജൻസി മുഖേനയോ മറ്റേതെങ്കിലും തരത്തിലോ കരാറുകാരൻ അനധികൃതമായി പ്രവർത്തിച്ചാൽ കരാർ അസാധുവാക്കുന്നതാണ്.

13. തെറ്റായ വിവരങ്ങൾ നൽകി കരാറിലേർപ്പെട്ടാൽ കരാർ പിന്നീട് അസാധുവാക്കുന്നതാണ്.

14. കരാർ മൂലമുള്ള എല്ലാ തർക്കങ്ങളും എറണാകുളം കോടതിയുടെ പരിധിയിൽ തീർപ്പാക്കുന്നതായിരിക്കും.

15. മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കരാറുകാരന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ കാലാവധി പൂർത്തിയാകുന്നതിനുമുൻപു തന്നെ കരാർ റദ്ദു ചെയ്യുന്നതാണ്.



അപേക്ഷകന്റെ ഒപ്പ്

16. ടെണ്ടറിൽ വിജയിക്കുന്ന ആൾ നിയമാനുസൃതമായ തുകയ്ക്കുള്ള (200/500 രൂപ) കേരളാ നോൺ ജുഡീഷ്യൽ മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഒപ്പുവെക്കേണ്ടതാണ്.

17. ടെണ്ടർ പത്രത്തിന്റെ എല്ലാ പേജുകളിലും അപേക്ഷകൻ ഒപ്പിട്ടിരിക്കണം.

## അപേക്ഷിക്കേണ്ട വിധം

മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകർക്ക് മാത്രമേ ഈ ടെണ്ടറിൽ പങ്കെടുക്കാനുള്ള അവകാശമുള്ളൂ. അപേക്ഷയുടെ കവറുകൾക്ക് പുറത്ത് ''സാഗരറാണി കാറ്ററിംഗിനുള്ള ടെണ്ടർ : ടെണ്ടർ നം:സി–525ഇ/2017 തിയ്യതി 30.06.2017'' എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെ ർ ഫോറം അയക്കേണ്ട വിലാസം:

മാനേജിംഗ് ഡയരക്ടർ,
കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്,
38/924എ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ,
കടവന്ത്ര, കൊച്ചി–682 020.
ഫോൺ : 0484 2203614



അപേക്ഷകന്റെ ഒപ്പ്

**കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്,**
**38/924എ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ,**
**കടവന്ത്ര, കൊച്ചി-682 020.**

മാനേജിംഗ് ഡയരക്ടർ,
കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

## അപേക്ഷകന്റെ വിശദവിവരങ്ങൾ

(അപേക്ഷയോടൊപ്പം പൂരിപ്പിച്ച് നൽകുക)

| | | |
|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര് | |
| 2 | സ്ഥാപനത്തിന്റെ കാറ്റഗറി | ഏകാങ്കം/പങ്കാളിത്തം/കമ്പനി |
| 3 | ആശയവിനിമയത്തിനുള്ള മേൽവിലാസം | |
| 4 | ഫോൺ നമ്പരുകൾ | |
| 5 | ബന്ധപ്പെടേണ്ട വ്യക്തിയും അയാളുടെ മൊബൈൽ നമ്പരും | |
| 6 | സ്ഥാപനത്തിന്റെ റജി.നമ്പരും രജിസ്ട്രേഷൻ തിയ്യതിയും | |
| 7 | പാൻ നമ്പർ, ആധാർ നമ്പർ | |
| 8 | സർവ്വീസ് നികുതി | |
| 9 | ഇപ്പോൾ നിലവിലുള്ള ഉപഭോക്താക്കളുടെ വിവരം(പേരും മേൽവിലാസവും) | |
| 10 | പാചകക്കാരുടെ എണ്ണം | |
| 11 | ഗവ:/പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവനങ്ങളുടെ പരിചയം (റിപ്പോർട്ട് ഉള്ളടക്കം ചെയ്യുക) | ഉ ് / ഇല്ല |
| 12 | മറ്റു വിവരങ്ങൾ | |
| 13 | ബാങ്കിന്റെ പേരും അക്കൗണ്ട് നമ്പരും | |
| 14 | ഇ.എം.ഡി യുടെ വിശദവിവരങ്ങൾ | |

(ആവശ്യമെങ്കിൽ പ്രത്യേകം ഷീറ്റുകൾ അറ്റാച്ച് ചെയ്യുക)

**സത്യവാങ്ങ് മൂലം:** മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യസന്ധമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തിയ്യതി:



അപേക്ഷകന്റെ ഒപ്പ്

**കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്,**
**38/924എ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ,**
**കടവന്ത്ര, കൊച്ചി–682 020.**

**മാനേജിംഗ് ഡയരക്ടർ,**
**കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്**

സാഗരറാണി വെസ്സലുകളിലെ ടൂറിസ്റ്റുകൾക്കുള്ള ഭക്ഷണത്തിന്റെ വിലകൾ താഴെ വിശദീകരിച്ചിരിക്കുന്നു.

## PRICE BID (വില ലേലം)

| കാറ്റഗറി | നിരക്ക് (രൂപ/പ്ലേറ്റ്)<br>(വിലകൾ ജി.എസ്.ടി ഉൾപ്പെടെ) | |
|---|---|---|
| പ്രാതൽ | | |
| ഉച്ചഭക്ഷണം | 1 | |
| | 2 | |
| | 3 | |
| | 4 | |
| | 5 | |
| അത്താഴം | 1 | |
| | 2 | |
| | 3 | |

സ്ഥലം :
തിയ്യതി :



അപേക്ഷകന്റെ ഒപ്പ്

<u>അനുബന്ധം</u>-1

## ഭക്ഷണ ക്രമം

താഴെ കൊടുത്തിരിക്കുന്ന മെനുവിൽ നിന്നും ഭക്ഷണങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്

| | | |
|---|---|---|
| പ്രാതൽ | 1 | ചായ/കാപ്പി<br>ഇഡ്ഡലി/ദോശ/അപ്പം (4 എണ്ണം)<br>(മുട്ടക്കറി/സാമ്പാർ/ചമ്മന്തി പുറമെ) |
| **<u>ഉച്ച ഭക്ഷണം</u>**<br>1.വെജിറ്റേറിയൻ ഊണ് | 1 | വെജിറ്റബിൾ ഊണ്, സാമ്പാർ, അവിയൽ + കൂട്ടുകറി, തോരൻ, അച്ചാറ്, പപ്പടം, തൈര് + ഐസ്ക്രീം (100 ഗ്രാം) |
| | 2 | വെജിറ്റബിൾ ഊണ് + കോഴിക്കറി<br>മീൻ വറുത്തത് + ഐസ്ക്രീം (100 ഗ്രാം) |
| | 3 | ഫ്രൈഡ് റൈസ്, ചില്ലി ഗോബി/ഗോബി മഞ്ചൂരിയൻ, അച്ചാറ്, സലാഡ്, ഐസ്ക്രീം (100 ഗ്രാം) |
| 2.നോൺ വെജിറ്റേറിയൻ ഊണ് | 4 | കോഴി ബിരിയാണി, അച്ചാറ്,<br>സലാഡ്, ഐസ്ക്രീം (100 ഗ്രാം) |
| | 5 | മീൻകറി ഊണ് + ചിക്കൻ ഫ്രൈ+<br>ഐസ്ക്രീം (100 ഗ്രാം) |
| അത്താഴം | 1 | വെജിറ്റബിൾ ബിരിയാണി+ചപ്പാത്തി (2 എണ്ണം), പരിപ്പ് കറി+വെജ്.കുറുമ+ചില്ലി ഗോബി / ഗോബി മഞ്ചൂരിയൻ + ഐസ്ക്രീം (100 ഗ്രാം)+വെജിറ്റബിൾ സൂപ്പ് |
| | 2 | വെജിറ്റബിൾ ബിരിയാണി+ ചപ്പാത്തി (2 എണ്ണം), ചിക്കൻ റോസ്റ്റ് + മീൻ വറുത്തത് + ഐസ്ക്രീം (100 ഗ്രാം)+ചിക്കൻ സൂപ്പ്. |



അപേക്ഷകന്റെ ഒപ്പ്